വനവിഭവങ്ങൾ വിറ്റ വകയിലെ വരുമാനം

88 [638] ശ്രീ. പി. കെ. കെ. ബാവ :
„ ചെർക്കളം അബ്ദുള്ള:
„ നാലകത്ത് സൂപ്പി:
„ ഇസ്ഹാക്ക് കുരിക്കൾ :
„ കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം വനവിഭവങ്ങൾ വിറ്റ വകയിൽ എന്ത് വരുമാനം ഉണ്ടായിട്ടുണ്ട് ;

(ബി) ഏതെല്ലാം വനവിഭവങ്ങളാണ് ഗവൺമെന്റ് വിറ്റിട്ടുള്ളതെന്നും എന്ത് തുക ഓരോന്നിൽ നിന്നും സമാഹരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2004-05 സാമ്പത്തിക വർഷത്തിൽ വനവിഭവങ്ങൾ വിറ്റ വകയിൽ 19,461.05 ലക്ഷം രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

(ബി) വിറ്റ വിഭവങ്ങളുടെ വിവരവും ഓരോന്നിൽ നിന്നും സമാഹരിച്ച തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു :

ക്രമനമ്പർ	ഐറ്റം	സമാഹരിച്ച തുക (രൂപ ലക്ഷത്തിൽ)
(1)	(2)	(3)
1	തേക്ക് (തടി, കഴകൾ, ബില്ലറ്റ്സ്)	14,934.48
2	ഈട്ടി മരം	193.05
3	ചന്ദനമരം	1,063.23
4	പൾപ്പ് വുഡ്	147.99
5	മറ്റ് ഇനത്തിലുള്ള തടികൾ	425.43
6	വിറകും കരിയും	54.50
7	കേരള സ്വകാര്യ വനങ്ങൾ നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും ആക്ടിൽ വരുന്ന വന വിഭവങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ്	191.91
8	വന വികസന നികുതിയിൽ നിന്നുള്ള വരവുകൾ	894.59

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
9	കേരള വന ഉല്പന്നങ്ങളിൽ നിന്നുള്ള വരവുകൾ (1978-ലെ വില്പന വില നിശ്ചയിക്കുന്ന ആക്ട്)	
	1. യുക്കാലിപ്റ്റ്സ് മരം	411.06
	2. മുള	179.10
	3. ഈറ്റ	611.54
	4. മറ്റ് വർഗ്ഗങ്ങൾ	231.82
10.	മറ്റിനങ്ങൾ	122.35
	ആകെ	19,461.05

കാട്ടാനകളെ സംരക്ഷിക്കാൻ നടപടി

89 [639] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ആനകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഓരോ വർഷവും എത്ര ആനകൾ സംസ്ഥാനത്ത് എത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ആനകളെ ക്രൂരമായി കൈകാര്യം ചെയ്യുന്നതുമൂലം നിരവധി ആനകൾ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ക്രൂരത അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ വനങ്ങളിലാണ് ആനകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ ; ഇവയുടെ സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2005-ൽ നടത്തിയ കണക്കെടുപ്പ് പ്രകാരം 5135 കാട്ടാനകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) ഈ വിവരം ലഭ്യമല്ല.

(സി) ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതവസാനിപ്പിക്കുവാൻ 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്റ്റ് അനുസരിച്ചും, 2003-ലെ കേരള ക്യാപ്റ്റീവ് എലിഫന്റ്സ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) റൂൾസ് അനുസരിച്ചും കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കേരളത്തിൽ വയനാട്, നിലമ്പൂർ, ആനമുടി, പെരിയാർ എന്നീ എലിഫന്റ് റിസർവുകളിലാണ് ആനകളെ കണ്ടുവരുന്നത്. കാട്ടാനകളുടെ സംരക്ഷണത്തിനായി 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly